## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.10 — 26.02.2018 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയാൻ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ്. പി.<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) വിലക്കയറ്റം തടയാൻ സർക്കാർ ഇടപെടുന്നില്ലെന്നും സപ്ലൈകോയിൽ സബ്സിഡി ഉത്പന്നങ്ങൾക്ക് ക്ഷാമം നേരിടുന്നുവെന്നുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സബ്സിഡി ഉത്പന്നങ്ങൾ സപ്ലൈകോ സ്വകാര്യ കച്ചവടക്കാർക്ക് മറിച്ചു വിൽക്കുന്നതായ പരാതി പരിശോധിക്കുകയുണ്ടായോ; | (ബി) ലഭിച്ച പരാതി പരിശോധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ വിലക്കയറ്റം തടയുന്നതിനും സബ്സിഡി ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും സബ്സിഡി ഇതര ഉത്പന്നങ്ങളുടെ വില പൊതു വിപണിയിലേതിന് ആനുപാതികമായി ഉയർത്താതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (സി) വിലക്കയറ്റം തടയുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന നിലയിൽ പൊതു വിപണിയിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്താൻ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ